**ചെയർമാൻ, ജില്ല ദുരന്തനിവാരണ അതോറിറ്റി & ജില്ല കലക്ടർ, വയനാടിന്റെ നടപടിക്രമം.**
(ഹാജർ : അജയകുമാർ എ. ആർ, IAS)

**നടപടിക്രമം നം:DCWYD/2696/2019-DEOC 1 തീയതി: 02/03/2019**

വിഷയം:- ദുരന്തനിവാരണം - വരൾച്ച- അനധികൃത കുഴൽക്കിണർ നിർമാണം നിരോധിക്കുന്നത്- സംബന്ധിച്ച്.

സൂചന:-1. ദുരന്തനിവാരണ വകുപ്പിൻറെ സർക്കുലർ നമ്പർ 45726/കെ3/2016/ ഡി.എം.ഡി തിയ്യതി 17.2.2017

2. ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ 28.2.2019 ലെ യോഗത്തിൻറെ മിനുട്സ്

********************************************

വരൾച്ച തടയുന്നതിനായി കുഴൽക്കിണറുകളുടെ നിർമാണം നിർത്തിവെപ്പിക്കുന്നതിന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി സൂചന 1 പ്രകാരം നിർദേശിച്ചിരുന്നു. അതിനെത്തുടർന്ന് കുഴൽകിണർ നിർമാണം നിയന്ത്രിച്ച് കൊണ്ട് 20.2.2017 ലും, 23.2.2018 ലും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. 28.2.2019 ന് ചേർന്ന ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗം ജില്ലയിലെ വരൾച്ചാദുരന്തത്തിൻറെ അവസ്ഥ വിലയിരുത്തുകയുണ്ടായി . ഈ വർഷത്തെ വരൾച്ചാ സ്ഥിതിഗതികൾ അവലോകനം ചെയ്തതിൽനിന്ന് സ്ഥിതിഗതികൾ കഴിഞ്ഞ രണ്ട് വർഷങ്ങളിലേത് പോലെ തന്നെ ഗുരുതരമായ അവസ്ഥയിലാണെന്ന് ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് ബോധ്യമാവുകയുണ്ടായി. ആയതിൻറെ അടിസ്ഥാനത്തിൽ വരൾച്ചാ ദുരന്തം തടയുന്നതിനായി അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

3. വയനാട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ സ്വകാര്യ കുഴൽക്കിണർ നിർമാതാക്കൾ യാതൊരുവിധ ശാസ്ത്രീയ സർവേയോ പഠനമോ നടത്താതെ ധാരാളമായി കുഴൽക്കിണറുകൾ നിർമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ ശാസ്ത്രീയ അപഗ്രഥനം നടത്താതെ കുഴൽക്കിണർ നിർമിക്കുന്നത് ജലവിതാനം താഴുന്നതിനും, അതിലൂടെ വരൾച്ചാ ദുരന്തവ്യാപ്തിയും സാധ്യതയും വർധിപ്പിക്കാനും ഇടയാക്കും.

4. ദുരന്തനിവാരണ നിയമപ്രകാരം യഥാവിധി തയ്യാറാക്കിയ വയനാട് ജില്ലയുടെ ഡിസാസ്റ്റർ മാനേജ്മെൻറ് പ്ലാനിൽ ഭൂജലവിതാനം താഴുന്നത് തടയുന്നതിനും, ജലവിഭവശേഷി ഉപയോഗം നിയന്ത്രിക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളാനും, വ്യവസ്ഥകൾ ഏർപ്പെടുത്താനും വ്യവസ്ഥ ചെയ്യുന്നുണ്ട്.

5. 2005 ലെ ദുരന്തനിവാരണ നിയമത്തിലെ വകുപ്പ് 30(1), ദുരന്തനിവാരണത്തിനായി എല്ലാ നടപടികളും സ്വീകരിക്കാൻ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയെ അധികാരപ്പെടുത്തുന്നുണ്ട് . ഈ സാഹചര്യങ്ങൾ പരിഗണിച്ച് വയനാട് ജില്ലയിൽ സ്വകാര്യ കുഴൽക്കിണർ നിർമാതാക്കൾ കുഴല്കിണർ നിർമിക്കുന്നത് 31.5.2019 വരെ കാലയളവിലേക്ക് നിരോധിക്കാൻ 28.2.2019 ന് ജില്ലാ ദുരന്തനിവാരണ അതോറിറ്റി സൂചന 2 പ്രകാരം തീരുമാനിച്ചിരുന്നു.

6. ഈ സാഹചര്യത്തിൽ വയനാട് ജില്ലയിലെ കുഴൽക്കിണർ നിർമാണത്തിന് നിയന്ത്രണം ഏർപ്പെടുത്തി ഭൂഗർഭജല/ഭൂജല ശോഷണം തടയുന്നത് വരൾച്ചാ ദുരന്തനിവാരണത്തിന് അത്യന്താപേക്ഷിതമാകയാൽ ചുവടെ ചേർത്തത് പ്രകാരം ഇതിനാൽ ഉത്തരവാകുന്നു.

**<u>ഉത്തരവ്</u>**

1. വയനാട് ജില്ലയിൽ 31.5.2019 വരെ കാലയളവിൽ കുഴൽക്കിണറുകൾ സ്വകാര്യ കുഴൽക്കിണർ നിർമാതാക്കൾ കുഴിക്കുന്നത് നിരോധിച്ച് 2005 ലെ ദുരന്തനിവാരണ നിയമം, വകുപ്പ് 30(1) അനുസരിച്ച് ഉത്തരവാകുന്നു.
2. ഭൂഗർഭജല വകുപ്പ് യഥാവിധം സർവേ നടത്തി അംഗീകരിക്കുന്ന ഇടങ്ങളിൽ ഭൂഗർഭജലവകുപ്പ് നേരിട്ട് കുഴൽക്കിണറുകൾ നിർമിച്ച് നൽകുന്നതിന് തടസമില്ല. എന്നാൽ അപ്രകാരം കുഴൽക്കിണർ കുഴിക്കുന്നത് പ്രദേശത്തെ വരൾച്ചാ സാധ്യത വർധിപ്പിക്കില്ല എന്ന് ശാസ്ത്രീയമായി ഉറപ്പാക്കിയ ശേഷം മാത്രമേ ഭൂഗർഭജല വകുപ്പ് നിർമാണം നടത്താവൂ.
3. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങൾ/കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങൾ പ്രകാരം കുഴൽക്കിണർ നിർമിക്കുന്നതിനുള്ള അനുമതി ഭൂജലവകുപ്പ് നേരിട്ട് സർവേനടത്തി കുഴിക്കുന്ന കുഴൽക്കിണറുകൾക്ക് മാത്രമായി 31.5.2019 വരെ പരിമിതപ്പെടുത്തേണ്ടതാണ് എന്ന് എല്ലാ ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും 2005 ലെ ദുരന്തനിവാരണ നിയമം, വകുപ്പ് 30(2)(v) പ്രകാരം ഇതിനാൽ നിർദേശം നൽകുന്നു.
4. സ്വകാര്യ കുഴൽക്കിണർ നിർമാതാക്കൾ 31.5.2019 വരെ കാലയളവിൽ കുഴൽക്കിണർ നിർമിക്കുന്നില്ലെന്ന് തഹസിൽദാർമാർ/ ഭൂജലവകുപ്പ് ജില്ലാ ഓഫീസർ/ സ്റ്റേഷൻ ഹൗസ് ഓഫീസർമാർ (പോലീസ്) എന്നിവർ ഉറപ്പ് വരുത്തേണ്ടതാണെന്ന് 2005 ലെ ദുരന്തനിവാരണ നിയമം, വകുപ്പ് 30(2)(v) പ്രകാരം ഇതിനാൽ നിർദേശം നൽകുന്നു.

ഈ ഉത്തരവ് ഇന്നേദിവസം മുതൽ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. കുഴൽക്കിണർ നിർമാണത്തിനായി ഭൂജലവകുപ്പിൻറെ സർവേയോ അനുമതിയോ ലഭിക്കുന്നതിനുള്ള അപേക്ഷ നേരിട്ട് ജില്ലാ ഓഫീസർ, ഭൂജലവകുപ്പ്, മീനങ്ങാടി എന്ന വിലാസത്തിലേക്ക് അയക്കുകയും ഭൂജലവകുപ്പ് ജില്ലാ ഓഫീസർ ആവശ്യമായ ശാസ്ത്രീയ പരിശോധകൾ നടത്തി ആയത് ആ ഓഫീസ് തലത്തിൽത്തന്നെ തീർപ്പാക്കുകയും ചെയ്യേണ്ടതാണ്. അത്തരം അപേക്ഷകളോ/നടപടികളോ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിലേക്ക് അയക്കേണ്ടതില്ല. എന്നാൽ ഓരോ മാസവും പുതതായി ഭൂജലവകുപ്പ് മുഖേന എത്ര കുഴൽക്കിണറുകൾ കുഴിച്ചു എന്നത് സംബന്ധിച്ച ക്രോഡീകരിച്ച റിപ്പോർട്ട് അടുത്ത മാസം അഞ്ചാം തിയ്യതിക്ക് മുന്പായി ഈ അതോറിറ്റിക്ക് ലഭ്യമാക്കേണ്ടതാണ്. ഈ ഉത്തരവ് സംബന്ധിച്ച് കളക്ടറേറ്റിൽ ലഭിക്കുന്ന അപേക്ഷകൾ/ മറ്റ് എഴുത്തുകൾ മുതലായവ എച്4 സീറ്റിൽ കൈകാര്യം ചെയ്യേണ്ടതാണ്.

(ഒപ്പ്)

AJAYAKUMAR A R, DC DCWYD, O/O DC WAYANAD

ചെയർമാൻ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി &

ജില്ലാ കളക്ടർ വയനാട്

(ഒപ്പ്)
ചെയർമാൻ, ഡി ഡി എം എ &
ജില്ല കലക്ടർ, വയനാട്.

1. സെക്രട്ടറി, എല്ലാ ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി
2. തഹസിൽദാർ, സു.ബത്തേരി/മാനന്തവാടി/ വൈത്തിരി
3. എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും (ജില്ലാ പോലീസ് മേധാവി മുഖേന)
4. ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്, മീനങ്ങാടി
5. ക്ലർക്ക്, എച് 4 സീറ്റ്, കളക്ടറേറ്റ്, വയനാട്

പകർപ്പ്

1. ഡി.ഡി.എം.എ. യുടെ എല്ലാ അംഗങ്ങൾക്കും (അറിവിലേക്കായി)
2. മെമ്പർ സെക്രട്ടറി, KSDMA (അറിവിലേക്കായി)
3. സബ് ഡിവിഷണൽ മജിസ്ട്രേറ്റ്, മാനന്തവാടി
4. എല്ലാ വില്ലേജ് ഓഫീസർമാർക്കും (തഹസിൽദാര് പകർപ്പ് നൽകേണ്ടതാണ്)
5. ജില്ലാ ഇൻഫർമേഷൻ ഓഫീസർ (മാധ്യമങ്ങളിൽ പ്രസിദ്ധീകരണത്തിനായി)
6. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)

This is electronically approved by **AJAYAKUMAR A R, DC DCWYD, O/O DC WAYANAD** on 02/03/2019. Hence it does not require signature in ink.